വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : ചെർപ്പുശ്ശേരി 110 കെ. വി. സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. സബ്സ്റ്റേഷന്റെ പണി 70 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. ഒറ്റപാലത്തിനും ചെർപ്പുശ്ശേരിക്കും ഇടയിൽ 19.2 കി. മീ ദൈർഘ്യമുള്ള 110 കെ. വി. ലൈനിന്റെ നിർമ്മാണത്തിനുള്ള് വർക്ക് 3/99-ൽ അവാർഡ് ചെയ്തു വെങ്കിലും പണിയുടെ പുരോഗതി മന്ദഗതിയിലാണ്. ലൈനിന്റെ ഒരു ഭാഗത്തിന്റെ പണി നിലവിലുള്ള കരാറുകാരനിൽനിന്നും മാറ്റി മറ്റുതരത്തിൽ അതിവേഗം പണി ചെയ്തു തീർക്കാനുള്ള സാദ്ധ്യത ബോർഡ് ആരാഞ്ഞു വരികയാണ്. ഈ സബ്സ്റ്റേഷന്റെ പണി കഴിയുന്നത്ര വേഗത്തിൽ ചെയ്തു തീർക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച സാഹചര്യം പരിഗണിച്ച് ഒരു മാസത്തിനുള്ളിൽ പണി പൂർത്തിയാക്കാൻ ഗവൺമെന്റ് ഉടനെ നിർദ്ദേശം നൽകുന്നതാണ്.

**(19) ഓപ്പൺ മാർക്കറ്റിൽ നിന്നും ന്യായമായ വിലയ്ക്ക് തോട്ടണ്ടി സംഭരിക്കാൻ കാഷ്യു കോർപ്പറേഷന് നിർദ്ദേശം നൽകണമെന്ന ആവശ്യം**

ശ്രീ. കെ. സി. ജോസഫ് : സർ, കശുവണ്ടിയുടെ കുത്തക സംഭരണം ഇല്ലെന്നും സ്വതന്ത്രമായി മാർക്കറ്റിൽനിന്നും കശുവണ്ടി സംഭരിക്കുമെന്നും ബഹുമാനപ്പെട്ട മന്ത്രി ഇന്നലെ ഈ സഭയിൽ പറയുകയുണ്ടായി. കശുവണ്ടി ഉൽപ്പാദനം ആരംഭിച്ചിട്ട് ഇപ്പോൾ രണ്ട് മാസം കഴിഞ്ഞു. കേരളത്തിലെ കശുവണ്ടി ഫാക്ടറികൾക്ക് തോട്ടണ്ടി ആവശ്യമാണല്ലോ. സംഭരണം ആരംഭിച്ചുവെന്ന് മന്ത്രി പറഞ്ഞുവെങ്കിലും ഇന്നുവരെ തോട്ടണ്ടി സംഭരിക്കാനുള്ള സംവിധാനം കോർപ്പറേഷൻ ആരംഭിച്ചിട്ടില്ല. 80,000 ടൺ കശുവണ്ടിയാണ് കേരളത്തിന്റെ ആഭ്യന്തര ഉൽപ്പാദനം. ഇവിടെ വേൾഡ് കാഷ്യൂ കോൺഫറൻസ് നടന്നു. ബഹുമാനപ്പെട്ട മന്ത്രി പങ്കെടുത്തിരുന്നു. ആ സമ്മേളനത്തിലൊക്കെ കൃഷിക്കാരെ അവഗണിക്കുകയാണ് ചെയ്തത്. കർഷകരുടേയും തൊഴിലാളികളുടേയും പങ്കാളിത്തം ഈ കോൺഫറൻസിൽ ഉണ്ടായിരുന്നില്ല. വ്യവസായികളുടെ പങ്കാളിത്തം മാത്രമേയുള്ളൂ. കശുവണ്ടി മേഖലയിൽ കാതലായ മാറ്റങ്ങളുണ്ടാകണമെന്ന കൃഷിക്കാരുടെ ആവശ്യം പരിശോധിക്കണം. ഉൽപ്പാദനം വർദ്ധിപ്പിക്കണം. ഫെബ്രുവരി മാസം കഴിയാൻ പോകുകയാണ്. ഇന്നുവരെ സംഭരണം ആരംഭിച്ചിട്ടില്ല. കൊല്ലത്തെ കശുവണ്ടി മുതലാളിമാരുടെ താൽപര്യങ്ങൾക്ക് കാഷ്യു കോർപ്പറേഷൻ കൂട്ടുനിൽക്കുകയാണ്. ഇപ്പോൾ മാർക്കറ്റിൽ അവർ മാത്രമേയുള്ളൂ. അവർ മാർക്കറ്റിൽ നിന്ന് കുറഞ്ഞ വിലയ്ക്ക് തോട്ടണ്ടി സംഭരിക്കുന്നു. കൃഷിക്കാർക്ക് വില്ക്കാൻ വേറെ ഓപ്ഷനില്ല. അവർക്ക് കുറഞ്ഞവിലയ്ക്ക് കൊടുക്കുക മാത്രമേ നിവൃത്തിയുള്ളൂ. എനിക്ക് അപേക്ഷിക്കാനുള്ളത്, കാഷ്യു കോർപ്പറേഷന്റെ ഫാക്ടറികൾക്കുവേണ്ടി ഇറക്കുമതിചെയ്യുന്ന കശുവണ്ടിയുടെ മാർക്കറ്റ് വില എത്രയാണെന്ന് കണക്കാക്കി ആ വിലയ്ക്കുതന്നെ നമ്മുടെ സംസ്ഥാനത്തെ കശുവണ്ടിയും സംഭരിക്കണം എന്നാണ്. കാഷ്യു കോർപ്പറേഷൻ ടാൻസാനിയായിൽനിന്നും ബ്രസീലിൽനിന്നും കശുവണ്ടി വാങ്ങാൻ കൊടുക്കുന്ന വില ഇവിടത്തെ

LIBRARY ARCHIVES Kerala Legislative Assembly

കൃഷിക്കാർക്ക് കൊടുത്തുകൂടെ ? ടാൻസാനിയായിൽനിന്നും ബ്രസീലിൽനിന്നും കശുവണ്ടി മാർക്കറ്റ് ചെയ്യുമ്പോൾ കൊടുക്കുന്ന വിലയും ഡ്യൂട്ടിയുമെല്ലാം കണക്കാക്കി ഉണ്ടാകുന്ന വിലയ്ക്ക് ഇവിടെനിന്ന് കശുവണ്ടി സംഭരിക്കാൻ തയ്യാറാക്കിയില്ലെങ്കിൽ കൃഷിക്കാരെ മുതലാളിമാർ ചൂഷണം ചെയ്യും. കൃഷിക്കാരെ മുതലാളിമാരുടെ ദയാദാക്ഷിണ്യത്തിന് എറിഞ്ഞുകൊടുക്കാതെ തോട്ടണ്ടി സംഭരണം ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, ഇൻഡ്യയിൽ ഏറ്റവും കൂടുതൽ കശുവണ്ടി ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനം കേരളമാണ്. കേരളത്തിൽ എല്ലാ വർഷവും കശുവണ്ടി സീസൺ ആരംഭിക്കുന്നത് ഫെബ്രുവരിയിലാണ്. ഈ വർഷം ഇതുവരെയായി വളരെക്കുറച്ച് കശുവണ്ടിമാത്രമേ മാർക്കറ്റിൽ എത്തിയിട്ടുള്ളു. മാർച്ച് ആദ്യ വാരത്തോടുകൂടി കൂടുതൽ തോട്ടണ്ടി എത്തുമെന്നു പ്രതീക്ഷിക്കുന്നു. സ്വകാര്യ വ്യവസായികൾ അഡ്വാൻസ് നൽകി ഏജന്റുമാരിൽനിന്നും തോട്ടണ്ടി നേരിട്ടു വാങ്ങുന്നതായി അറിയുന്നു. ഈ നടപടിക്രമം കോർപ്പറേഷന് സ്വീകരിക്കാൻ കഴിയുകയില്ല. കോർപ്പറേഷൻ കണ്ണൂർ, കാസർഗോഡ്, കോഴിക്കോട് ജില്ലകളിൽനിന്നും കശുവണ്ടി വാങ്ങുന്നതിനായി തലശ്ശേരി, ചോമ്പല എന്നിവിടങ്ങളിൽ രണ്ടു ഡിപ്പോകളാരംഭിച്ചിട്ടുണ്ട്. മലപ്പുറം, പാലക്കാട് ജില്ലകളിൽനിന്നും തോട്ടണ്ടി സംഭരിക്കാൻ മഞ്ചേരിയിലും, തൃശ്ശൂർ, എറണാകുളം ജില്ലകളിൽനിന്നും തോട്ടണ്ടി സംഭരിക്കാൻ ഇരിങ്ങാലക്കുടയിലും ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽനിന്നും തോട്ടണ്ടി സംഭരിക്കാൻ കായംകുളത്തും തിരുവനന്തപുരത്തു നിന്നും തോട്ടണ്ടി സംഭരിക്കാൻ കല്ലമ്പലത്തും കൊല്ലം ജില്ലയിൽനിന്നു കശുവണ്ടി സംഭരിക്കാൻ കൊട്ടിയത്തും, പുനലൂർ, കടയ്ക്കൽ, ഇളമുളംകര എന്നിവിടങ്ങളിലും ഇതിനകം ഡിപ്പോകൾ തുറന്നിട്ടുണ്ട്. ദിവസേന ആ ഡിപ്പോകളിൽ അതാതു ദിവസത്തെ മാർക്കറ്റുവില അനുസരിച്ചു ലഭിക്കുന്ന ടെണ്ടറുകൾ സ്വീകരിച്ച് തോട്ടണ്ടി സംഭരിക്കുന്നതാണ്. അന്താരാഷ്ട്ര മാർക്കറ്റിൽ പരിപ്പിന്റെ വില വളരെയധികം ഇടിഞ്ഞ സാഹചര്യത്തിൽ കഴിഞ്ഞ വർഷത്തെ കമ്പോളവിലയുമായി ബന്ധപ്പെടുത്തി ഒരു വില നിശ്ചയിക്കാൻ കഴിയുകയില്ല.

## IV. റിപ്പോർട്ട് സമർപ്പണം

### പരിസ്ഥിതി സമിതിയുടെ പതിനേഴാമത് റിപ്പോർട്ട്

ശ്രീ. കെ. സി. വേണുഗോപാൽ : സർ, പരിസ്ഥിതി കമ്മിറ്റിയുടെ 17-ാമത് റിപ്പോർട്ട് സമിതിയുടെ അദ്ധ്യക്ഷനുവേണ്ടി ഞാൻ സമർപ്പിക്കുന്നു. [11 A.M.]

## V. ധനകാര്യം

### (1) 2000-2001 വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ ഫൈനൽ സ്റ്റേറ്റ്മെന്റ്

ധനകാര്യമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 2000-2001 വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ ഫൈനൽ സ്റ്റേറ്റുമെന്റ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly